**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം കോർപ്പറേഷൻ – വഞ്ചിയൂർ വില്ലേജ് - പാളയം കണ്ണിമാറ മാർക്കറ്റ് പുനർവികസനം - DTP സ്കീമിലെ കവറേജ്, മെക്കാനിക്കൽ പാർക്കിംഗ് സിസ്റ്റം എന്നിവ സംബന്ധിച്ച ഇളവാ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

=====================================================================

**തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്**

സ.ഉ.(സാധാ)നം.186/2022/തസ്വഭവ                    തീയതി, തിരുവനന്തപുരം,:25.01.2022

=====================================================================

പരാമർശം: മുഖ്യനഗരാസൂത്രകന്റെ 21.12.2021-ലെ TCPCTP/1950/2020 – D3 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭ പരിധിയിലെ വഞ്ചിയൂർ വില്ലേജിൽ റീ സർവ്വേ നം.66/3 ൽപ്പെട്ട 73.46 ആർ. സ്ഥലത്ത് നിലവിൽ സ്ഥിതി ചെയ്യുന്ന പാളയം കണ്ണിമാറാ മാർക്കറ്റിന്റെ പുനർനിർമ്മാണത്തിനായി നഗരസഭയ്ക്ക് വേണ്ടി വാണിജ്യ ഉപയോഗത്തിനുള്ള കെട്ടിടനിർമ്മാണത്തിനായി പെർമിറ്റ് ലഭ്യമാക്കുന്നതിന്, പാളയം DTP സ്കീമിലെ കവറേജിൽ ഡിസ്പെൻസേഷൻ/മോഡിഫിക്കേഷൻ (Dispensation/Modification), കേരളാ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം പ്രകാരം മെക്കാനിക്കൽ പാർക്കിംഗ് സിസ്റ്റം സംബന്ധിച്ച നിബന്ധനയിൽ ഇളവ് എന്നിവ അനുവദിക്കുവാനായി ബന്ധപ്പെട്ട രേഖകൾ സഹിതം പരാമർശം പ്രകാരം ചീഫ് ടൗൺ പ്ലാനർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2. തിരുവനന്തപുരം നഗരസഭയ്ക്കു വേണ്ടി സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡും, തിരുവനന്തപുരം കോർപ്പറേഷനും, ചേർന്നാണ് ടി സംയോജിത വികസിത പദ്ധതി നടപ്പാക്കുന്നത്. ടി പദ്ധതിയുടെ ഭാഗമായുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് അംഗീകൃത പാളയം DTP സ്കീമിൽ കവറേജ് സംബന്ധിച്ച നിബന്ധനയിൽ ഡിസ്പെൻസേഷൻ ലഭ്യമാക്കേണ്ടതായിട്ടുണ്ട്. അംഗീകൃത DTP സ്കീം പ്രകാരം ടിസ്ഥലത്ത് അനുവദനീയമായ പരമാവധി കവറേജ് 60% മാണ്. എന്നാൽ പ്രസ്തുത പദ്ധതിയ്ക്കായി തയ്യാറാക്കിയ പ്ലാൻ പ്രകാരം 64.94% ആണ് കവറേജ് നൽകിയിരിക്കുന്നത്. DTP സ്കീം പ്രകാരമുള്ള ടി കവറേജ് സംബന്ധിച്ച നിബന്ധനയിൽ Dispensation/Modification ലഭ്യമാക്കുവാനായി പ്രസ്തുത നിബന്ധനയിൽ ഇളവ് ലഭിക്കുന്നതിനായി CTP യുടെ സാങ്കേതിക ശുപാർശ, ബന്ധപ്പെട്ട Form D യിൽ ലഭ്യമാക്കിയിട്ടുണ്ട്. അതു പോലെ പ്രസ്തുത നിർമ്മാണത്തിന്റെ DTP സ്കീം പ്രകാരം 130 പാർക്കിംഗ് ആവശ്യമാണ്. എന്നാൽ കേരളാ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 2019 പ്രകാരം 207 പാർക്കിംഗ് ആണ് വേണ്ടത്. ആയത് നിലവിലെ പ്ലാനിൽ 220 എണ്ണമാണ് നൽകിയിട്ടുള്ളത്. കൂടാതെ ഡിഫറൻഷ്യലി ഏബിൾഡിനായുള്ള 7 എണ്ണം ഒഴികെ ബാക്കി പാർക്കിംഗ് മെക്കാനിക്കലായിട്ടാണ് നൽകിയിട്ടുള്ളത്, എന്നാൽ 2019 ലെ മുൻസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടം 29(10) പ്രകാരം 50 ശതമാനം മാത്രമേ മെക്കാനിക്കൽ പാർക്കിംഗിന് അനുവദനീയമായുള്ളു. ടി ചട്ടവും ലംഘിക്കുന്നു എന്നതിനാൽ ആയതിലും ഇളവ് ആവശ്യമാണെന്നും,

അപ്രകാരം കേരളാ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 3(4)a പ്രകാരം സർക്കാർ ടി മെക്കാനിക്കൽ പാർക്കിംഗ് സസംബന്ധിച്ച ചട്ടം 29(10) ലെ വ്യവസ്ഥയിൽ ഇളവ് അനുവദിക്കണമെന്നമാണ് പരാമർശം പ്രകാരം വിശദമായ ശുപാർശയിലൂടെ ചീഫ് ടൗൺ പ്ലാനർ ആവശ്യപ്പെട്ടിരുന്നത്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡും, തിരുവനന്തപുരം കോർപ്പറേഷനും, ചേർന്നുള്ള സംയോജിത വികസിത പദ്ധതിയായ കണ്ണിമാറ മാർക്കറ്റ് പുനർനവീകരണ പദ്ധതിയുടെ ഭാഗമായുള്ള തിരുവനന്തപുരം നഗരസഭയ്ക്കു വേണ്ടി വാണിജ്യ ഉപയോഗത്തിനായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്ലാനിൽ, അംഗീകൃത പാളയം DTP സ്കീമിലെ കവറേജ് സംബന്ധിച്ച നിബന്ധനയിൽ Dispensation അനുവദിച്ചും, അതുപോലെ ടി നിർമ്മാണ പ്രവൃത്തിയിൽ പാർക്കിംഗ് സംബന്ധിച്ച് , 2019-ലെ കെട്ടിട നിർമ്മാണ ചട്ടം 29(10)-ലെ മെക്കാനിക്കൽ പാർക്കിംഗ് 50% മാത്രമേ നൽകാവൂ എന്ന നിബന്ധനയിൽ, കേരള കെട്ടിട നിർമ്മാണ ചട്ടം 3(4)(a) പ്രകാരം ഇളവ് അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിസി മോൾ. ഇ
ഡെപ്യൂട്ടിസെക്രട്ടറി

നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം.
സെക്രട്ടറി,തിരുവനന്തപുരം കോർപ്പറേഷൻ.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ.
അക്കൗണ്ടൻറ് ജനറൽ(എ&ഇ)/ഓഡിററ്),തിരുവനന്തപുരം.
ഐ&പിആർഡി/വെബ് ന്യൂ മീഡിയ
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് :-
ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി. എസ്. ന്
ബഹു. തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ പി.എ.യ്ക്ക്.
ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

Signed by Suja S K
Date: 25-01-2022 12:04:42
Reason: Approved

സെക്ഷൻ ഓഫീസർ